**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 845** **26-07-2021 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എൻ.കെ. അക്ബർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് മേഖലയിൽ കാഴ്ച-കേൾവി പരിമിതിയുള്ള ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | അക്കാദമികപരമായ കാര്യങ്ങളിൽ എസ്.സി.ഇ.ആർ.ടി യുമായി ബന്ധപ്പെട്ട് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. കൂടാതെ സർക്കാർ സ്പെഷ്യൽ സ്കൂളുകളുടെ ഭൗതിക സാഹചര്യ വികസനത്തിനായി വർഷാവർഷങ്ങളിൽ പ്ലാൻ ഫണ്ടിൽ നിന്നും ഫണ്ട് നൽകി വരുന്നു. ആയതിന്റെ പുരോഗതി വിലയിരുത്താറുണ്ട്. |
| (ബി) | സ്കൂളുകൾ തുറന്നു പ്രവർത്തിക്കാത്തതിനാൽ അധ്യാപകരുടെ സഹകരണത്തോടെ വീടുകളിൽ പഠനം നടത്തുന്ന ഇത്തരം കുട്ടികളെയും ഭക്ഷ്യഭദ്രത അലവൻസ് ഭക്ഷ്യക്കിറ്റുകളായി വീടുകളിൽ വിതരണം ചെയ്യുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ' കോവിഡ്-19 'ന്റെ പശ്ചാതലത്തിൽ, നടപ്പ് അദ്ധ്യയന വർഷം (2021-22) സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതുവരെ, നിലവിൽ സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരാത്ത സ്പെഷ്യൽ വിദ്യാലയങ്ങളിലെ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സുവരെയുള്ള കാഴ്ച/കേൾവി പരിമിതിയുള്ള ഭിന്നശേഷി കുട്ടികൾക്കു കൂടി ടി പദ്ധതിയുടെ ഭാഗമായുള്ള " ഭക്ഷ്യ ഭദ്രതാ അലവൻസ്" ഭക്ഷ്യ കിറ്റുകളിലായി കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ (സപ്ലൈകോ) സഹകരണത്തോടെ വിതരണം ചെയ്യുന്നതിന് 29.06.2021 തീയതിയിലെ ജി.ഒ (ആർ.ടി) നം.3191/2021/ പൊ.വി. വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അർഹരായ എല്ലാ വിഭാഗം കുട്ടികൾക്കുമുള്ള " ഭക്ഷ്യ ഭദ്രതാ അലവൻസ്" വിതരണം ആരംഭിക്കുമ്പോൾ, മേൽ പരാമർശിച്ച കുട്ടികൾക്കുള്ള ഭക്ഷ്യ കിറ്റുകൾ അവരുടെ വീടിനടുത്തുള്ള ഏതെങ്കിലും വിദ്യാലയം മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| (സി) | അന്ധ-ബധിര വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യം കാലാനുസൃതമായും അവരുടെ | (സി) | വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനും അക്കാദമിക വികസനത്തിനും |

| | | | |
|---|---|---|---|
| | പരിമിതികൾക്കിണങ്ങുന്നതുമായ രീതിയിൽ ആധുനിക സൗകര്യങ്ങളോടെ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ